

# നിപ വൈറസ്

## രോഗ സ്ഥിരീകരണം

രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ച് രോഗലക്ഷണങ്ങൾ പ്രകടമാകാൻ **4-21** ദിവസം വരെ വേണ്ടിവരും. രക്തം, മൂത്രം, തൊണ്ടയിൽ നിന്നുള്ള സ്രവം, വേണ്ടിവന്നാൽ നട്ടെല്ലിൽ നിന്നും കുത്തിയെടുത്ത ഫ്ളൂയിഡ് എന്നിവയാണ് പരിശോധനക്കായി അയക്കുന്നത്.

ജില്ലാ ഭരണകൂടം & ആരോഗ്യ വകുപ്പ്, എറണാകുളം

# നിപ വൈറസ്

## രോഗം പകരാതിരിക്കാൻ വേണ്ടി എടുക്കേണ്ട മുൻകരുതലുകൾ

- കൃത്യമായി മാസ്ക് ഉപയോഗിക്കുക
- സാമൂഹിക അകലം പാലിക്കുക
- ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റെടുത്ത് നന്നായി കഴുകുക. ഇത് ലഭ്യമല്ലെങ്കിൽ ആൾക്കഹോൾ അടങ്ങിയ സാനിറ്റൈസർ ഉപയോഗിച്ച് കൈ വൃത്തിയാക്കണം.
- നിലത്ത് വീണ് കിടക്കുന്നതും, പക്ഷിമൃഗാദികൾ കടിച്ചതുമായ പഴങ്ങൾ ഉപയോഗിക്കരുത്.
- വവ്വാലുകൾ കാണപ്പെടുന്ന പ്രദേശങ്ങളിൽ തെങ്ങ്, പന എന്നിവയിൽനിന്നും ലഭിക്കുന്ന തുറന്ന പാത്രങ്ങളിൽ ശേഖരിക്കുന്ന കള്ള് ഉപയോഗിക്കരുത്.
- പഴങ്ങളും പച്ചക്കറികളും ഉപയോഗത്തിന് മുമ്പേ നന്നായി കഴുകുക
- രോഗലക്ഷണങ്ങൾ കണ്ടാൽ ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുക

ജില്ലാ ഭരണകൂടം & ആരോഗ്യ വകുപ്പ്, എറണാകുളം

# നിപ വൈറസ്

## രോഗ ലക്ഷണങ്ങൾ

- പനിയോട് കൂടിയുള്ള ശരീരവേദന, തലവേദന, ക്ഷീണം, ചുമ, തൊണ്ട വേദന എന്നിവയാണ് പ്രാരംഭ രോഗ ലക്ഷണങ്ങൾ.

- രോഗം മൂർച്ഛിക്കുന്നതനുസരിച്ച് ഛർദ്ദി, സ്ഥല കാല ബോധമില്ലായ്മ, മാനസിക വിഭ്രാന്തി, അപസ്മാരം, ബോധക്ഷയം, ശ്വാസതടസ്സം എന്നിവയുണ്ടാകാം. യഥാസമയം കണ്ടെത്തി ചികിത്സിച്ചില്ലെങ്കിൽ മരണം വരെ സംഭവിക്കാം.

ജില്ലാ ഭരണകൂടം & ആരോഗ്യ വകുപ്പ്, എറണാകുളം



# എന്താണ് നിപ വൈറസ്

- നിപ വൈറസ് ബാധയുള്ള വവ്വാലുകളിൽ നിന്നോ പന്നികളിൽ നിന്നോ ഈ രോഗം മനുഷ്യരിലേക്ക് പകരാം.

- മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കാതെ രോഗിയുമായി അടുത്തിടപഴകുന്നതിലൂടെ രോഗം പകരുന്നു.

- വൈറസ് ബാധയുള്ള വവ്വാലുകളുടെ കാഷ്ഠം, ഉമിനീർ, മൂത്രം എന്നിവ കലർന്ന പാനീയങ്ങളും, വവ്വാൽ കടിച്ച പഴങ്ങളും മറ്റും കഴിക്കുന്നതിലൂടെ രോഗം പകരാം.

ജില്ലാ ഭരണകൂടം & ആരോഗ്യ വകുപ്പ്, എറണാകുളം



# നിപ ഭയം വേണ്ട

# ജാഗ്രത !!!!!

## ലക്ഷണങ്ങൾ

പനി, തലവേദന, തലകറക്കം, ബോധക്ഷയം
(ചുമ, വയറുവേദന, മനംപിരട്ടൽ, ഛർദ്ദി, ക്ഷീണം,
കാഴ്ച മങ്ങൽ എന്നിവയും അപൂർവ്വമായി കണ്ടേക്കാം)

*തലച്ചോറിനെ ബാധിക്കുന്ന എൻസഫലൈറ്റിസിനും സാധ്യത
*ശ്വാസകോശത്തെയും ബാധിക്കാം

ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),
ആരോഗ്യകേരളം, തിരുവനന്തപുരം, മീഡിയാ വിഭാഗം



# നിപ്പാ വൈറസിനെതിരെ മുൻകരുതൽ

പക്ഷിമൃഗാദികളുടെ കടിയേറ്റതും പൊട്ടിയതും
പോറൽ ഉള്ളതുമായ പഴങ്ങൾ പച്ചക്കറികൾ
എന്നിവ കഴിക്കരുത്

തുറന്നതും മൂടിവയ്ക്കാത്തതുമായ കലങ്ങളിൽ
ശേഖരിച്ചിട്ടുള്ള കള്ളും മറ്റ് പാനീയങ്ങളും ഒഴിവാക്കുക.

കിണറുകൾ തുടങ്ങിയ ജല ശ്രോതസുകളിൽ
വവ്വാലുകളുടെ കാഷ്ഠം മൂത്രം മറ്റ്
ശരീര സ്രവങ്ങൾ വീഴാതെ സുരക്ഷിതമായി സൂക്ഷിക്കുക.

വളർത്തുമൃഗങ്ങളുടെ ശരീര സ്രവങ്ങൾ വിസർജ്ജ്യ
വസ്തുക്കൾ എന്നിവയുടെ സമ്പർക്കം
ഉണ്ടാകാതെ സൂക്ഷിക്കുക.

ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം) &
ആരോഗ്യകേരളം, മലപ്പുറം

കേരള സർക്കാർ
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# നിപ്പാ വൈറസ്



## മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന വിധം

- സുരക്ഷിത മാർഗ്ഗങ്ങൾ ഇല്ലാതെ രോഗബാധിതരെ പരിചരിക്കുന്നതിലൂടെ
- രോഗബാധിതരുടെ ശരീരസ്രവങ്ങളിൽ നിന്നും
- രോഗി ഉപയോഗിച്ച വസ്ത്രങ്ങളും സാധന സാമഗ്രികളും അശ്രദ്ധമായി ഉപയോഗിക്കുന്നതിലൂടെ
- രോഗബാധിതരെ സുരക്ഷിത മാർഗ്ഗങ്ങൾ അവലംബിക്കാതെ സന്ദർശിക്കുന്നതിലൂടെ
- രോഗബാധമൂലം മരണപ്പെട്ടവരുടെ മൃതശരീരം സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കാതെ കൈകാര്യം ചെയ്യുന്നതിലൂടെ




- ശരീര സ്രവങ്ങളുമായുള്ള സമ്പർക്കത്തിലൂടെയാണ് ഈ രോഗം പകരുന്നത്.
- അതിനാൽ ഇത്തരം രോഗികളെ പരിചരിക്കുന്നവർ മാസ്ക് ,ഗ്ലൗസ് എന്നിവ ഉപയോഗിക്കുക.
- ഇടയ്ക്കിടയ്ക്ക് കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കന്റെടുത്ത് നന്നായി കഴുകുക. ഇത് ലഭ്യമല്ലെങ്കിൽ ആൾക്കഹോൾ അടങ്ങിയ സാനിറ്റൈസർ ഉപയോഗിച്ച് കൈ വൃത്തിയാക്കണം. രോഗിയിൽ നിന്നും ഒരു മീറ്റർ അകലം പാലിക്കാൻ ശ്രമിക്കുക
- രോഗി ഉപയോഗിക്കുന്ന വസ്തുക്കൾ വേർതിരിച്ച് സൂക്ഷിക്കുകയും വൃത്തിയാക്കുകയും ചെയ്യുക
- പക്ഷികളോ ,മൃഗങ്ങളോ തൊട്ട പഴങ്ങൾ കഴിക്കരുത്
- മുയൽ ,വവ്വാൽ, പന്നി, മുതലായ മൃഗങ്ങളുമായി ഇടപഴകുമ്പോഴും N95 മാസ്ക് ഉപയോഗിക്കാൻ ശ്രമിക്കുക.

## ആരും പരിഭ്രാന്തരാവേണ്ട കാര്യമില്ല

*മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുകയും വ്യക്തി ശുചിത്വം പാലിക്കുകയും ചെയ്താൽ ഈ രോഗത്തിന്റെ വ്യാപനം തടയാം*

ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം ) ആരോഗ്യകേരളം, കോഴിക്കോട്

# നിപ വൈറസ്
## പ്രതിരോധമാണ് പ്രധാനം

## ആശുപത്രികൾ ശ്രദ്ധിക്കേണ്ടവ

- രോഗ ലക്ഷണങ്ങളുമായി വരുന്ന എല്ലാ രോഗികളെയും ഐസൊലേഷൻ വാർഡിൽ പ്രവേശിപ്പിക്കുക.
- രോഗമുണ്ടെന്ന് സംശയിക്കുന്ന ആളുകളോട് സംസാരിക്കുമ്പോഴും, പരിശോധിക്കുമ്പോഴും, മറ്റ് ഇടപാടുകൾ നടത്തുമ്പോഴും കയ്യുറകളും മാസ്കും ധരിക്കുക.
- സാംക്രമിക രോഗങ്ങളിൽ എടുക്കുന്ന എല്ലാ മുൻകരുതലുകളും ഇത്തരം രോഗികളിലും എടുക്കുക.
- രോഗമുണ്ടെന്ന് സംശയിക്കുന്ന രോഗിയെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചാൽ ഉടൻ തന്നെ അധികൃതരെ വിവരമറിയിക്കുക.

**മഹാമാരികൾ ഏതായാലും..**

തിരിച്ചറിഞ്ഞ് പ്രതിരോധിക്കാം...
കരുതലോടെ മുന്നേറാം...

ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)
ആരോഗ്യകേരളം ഇടുക്കി

nhmidukki

# നിപ്പാ വൈറസ്

## മനുഷ്യനിൽ നിന്നും മനുഷ്യരിലേയ്ക്ക് പകരുന്ന വിധം





**സുരക്ഷിത മാർഗ്ഗങ്ങൾ ഇല്ലാതെ രോഗബാധിതരെ പരിചരിക്കുന്നതിലൂടെ**



**രോഗബാധിതരുടെ ശരീര സ്രവങ്ങളിൽ നിന്നും.**



**രോഗി ഉപയോഗിച്ച വസ്ത്രങ്ങളും സാധന സാമഗ്രികളും അശ്രദ്ധമായി ഉപയോഗിക്കുന്നതിലൂടെ.**



**രോഗബാധിതരെ സുരക്ഷിത മാർഗ്ഗങ്ങൾ അവലംബിക്കാതെ സന്ദർശിക്കുന്നതിലൂടെ.**




**രോഗബാധയാൽ മരണപ്പെട്ടവരുടെ മൃതശരീരം സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കാതെ കൈകാര്യം ചെയ്യുന്നതിലൂടെ.**

ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം) &
ആരോഗ്യകേരളം, മലപ്പുറം

# ഭയമല്ല...
# വേണ്ടത് ജാഗ്രത

# നിപ്പാ വൈറസ്




ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) & ആരോഗ്യ കേരളം
കോഴിക്കോട്

# നിപ വൈറസ്

## പ്രതിരോധമാണ് പ്രധാനം

### രോഗ ലക്ഷണങ്ങൾ

**ഇൻകുബേഷൻ പീരിയഡ് അഥവാ വൈറസ് ശരീരത്തിൽ പ്രവേശിച്ച് രോഗ ലക്ഷണം കാണിക്കുവാൻ ഉള്ള സമയം 4 മുതൽ 14 ദിവസം വരെ ആണെങ്കിലും ചില സന്ദർഭങ്ങളിൽ 21 ദിവസം വരെയാകാം.**

- പനി തലവേദന തലകറക്കം ബോധക്ഷയം മുതലായവയാണ് പ്രാരംഭ ലക്ഷണങ്ങൾ
- ചുമ, വയറുവേദന, മനം പിരട്ടൽ, ഛർദ്ദി, ക്ഷീണം, കാഴ്ച മങ്ങൽ, തുടങ്ങിയ ലക്ഷണങ്ങളും അപൂർവ്വമായി പ്രകടിപ്പിക്കാം
- രോഗാവസ്ഥ പ്രകടിപ്പിച്ച് ഒന്നു രണ്ടു ദിവസങ്ങൾക്കുള്ളിൽ കോമാവസ്ഥയിലെത്താൻ സാധ്യതയുണ്ട്
- തലച്ചോറിനെ ബാധിക്കുന്ന എൻസഫലൈറ്റിസ് ഉണ്ടാവാനും വലിയ സാധ്യതയാണുള്ളത്.
- ശ്വാസകോശത്തെയും രോഗം ബാധിക്കാം.

**മഹാമാരികൾ ഏതായാലും..**

തിരിച്ചറിഞ്ഞ് പ്രതിരോധിക്കാം...
കരുതലോടെ മുന്നേറാം...

ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)
ആരോഗ്യകേരളം ഇടുക്കി

nhmidukki